# Deepika News

## കേരള കോൺഗ്രസ് ലയനത്തിന് അംഗീകാരം; സമ്മേളനം വ്യാഴാഴ്ച

കോട്ടയം: കേരള കോൺഗ്രസ് മാണി-ജോസഫ് വിഭാഗങ്ങൾ ലയിക്കാനുള്ള തീരുമാനത്തിന് ഇരു പാർട്ടികളുടെയും സംസ്ഥാനകമ്മിറ്റികൾ ഏകകണ്ഠമായ അംഗീകാരം നൽകി. വ്യാഴാഴ്ച വൈകുന്നരം മൂന്നിന് കോട്ടയം തിരുനക്കര മൈതാനത്ത് ലയനസമ്മേളനം ചേരും. ചാലുകുന്ന് സിഎസ്ഐ റിട്രീറ്റ് സെന്ററിൽ ഇന്നലെ ഉച്ചകഴിഞ്ഞ് ചേർന്ന ഇരു കക്ഷികളുടെയും സംസ്ഥാനകമ്മിറ്റിയിൽ കെ. ഫ്രാൻസിസ് ജോർജ് ലയനപ്രമേയം അവതരിപ്പിച്ചു. കെ. എം. മാണിയും പി.ജെ. ജോസഫും പ്രമേയത്തെക്കുറിച്ചു നട ത്തിയ വിശദീകരണം കരഘോഷത്തോടെ പാർട്ടി ഭാരവാഹികൾ അംഗീകരിച്ചു.

കേരള കോൺഗ്രസ് എന്ന പേര് ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചു നൽകുന്നതുവരെ കേരള കോൺഗ്രസ്- എം എന്ന പേരു തുടരും. ജോസഫ് വിഭാഗത്തിന്റെ സൈക്കിൾ ചിഹ്നം റദ്ദാക്കാൻ ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെടും. രണ്ടിലയായിരിക്കും ഇനി ഔദ്യോഗിക ചിഹ്നം. ഇരു പാർട്ടികളുടെയും നിലവിലുള്ള ഭരണഘടനകൾ റദ്ദാക്കുന്നതായി പ്രഖ്യാപിച്ചു. അസംബ്ളി തെരഞ്ഞെടുപ്പിനുശേഷം പുതിയ ഭരണഘടനതയാറാക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

കെ. എം. മാണി- ചെയർമാൻ, പി. ജെ. ജോസഫ്- വർക്കിംഗ് ചെയർമാൻ, പി.സി. ജോർജ്- വൈസ് ചെയർമാൻ, സി. എഫ്. തോമസ്- ഡെപ്യൂട്ടി ചെയർമാൻ, ടി. എസ്. ജോൺ, വി. ടി. സെബാസ്റ്റ്യൻ, കെ. നാരായണക്കുറുപ്പ്- സംസ്ഥാനഉപദേഷ്ടാക്കൾ, ഈപ്പൻ വർഗീസ്, ഡോ. കെ. സി. ജോസഫ്, ടി.യു. കുരുവിള - കോ ഓർഡിനേറ്റർമാർ, തോമസ് ജോസഫ്- ട്രഷറർ എന്നിവരെ ഔദ്യോഗിക ഭാരവാഹികളായി പ്രഖ്യാപിച്ചു. ഇരു പാർട്ടികളിലും നിന്ന് 111 അംഗ സ്റ്റിയറിംഗ് കമ്മിറ്റിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനജനറൽ സെക്രട്ടറിമാരെയും ജില്ലാ പ്രസിഡന്റുമാരെയും ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

ലയനസമ്മേളനത്തിനുശേഷം 140 നിയോജക മണ്ഡലങ്ങളിലും അംഗത്വ വിതരണവും നടത്തും. പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുശേഷം വാർഡ് മുതൽ സംസ്ഥാനതലം വരെയുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുമെന്ന് ജനറൽ സെക്രട്ടറി ജോയി ഏബ്രഹാം വ്യക്തമാക്കി. യുഡിഎഫിനെയും അധ്വാനകർഷകരെയും ശക്തിപ്പെടുത്താനാണ് കേരള കോൺഗ്രസ ് ലയനമെന്നും അജയ്യ ശക്തിയായി പ്രസ്ഥാനം വളരുമെന്നും കെഎം മാണി പ്രഖ്യാപിച്ചു. ഇടതു വലതു മുന്നണികളിൽ ശക്തി തെളിയി ച്ച സമാനചിന്താഗതിയുള്ള രണ്ടു പാർട്ടികൾ ലയിച്ച് ഒരു മുന്നണിയിലെത്തുമ്പോൾ അത് അഭിമാനാർഹമായ നേട്ടമുണ്ടാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിന്റെ സമഗ്ര വികസനത്തിന് ലയനം അനിവാര്യമാണ്. കേരളത്തിന്റെ കാർഷിക, വിദ്യാഭ്യാസ പുരോഗതിയിൽ കേരള കോൺഗ്രസ് വഹിച്ചിട്ടുള്ള പങ്ക് വിസ്മരിക്കാനാവില്ല-പിജെ ജോസഫ് വ്യക്തമാക്കി.

## പിളർപ്പുകൾ നയപരമായിരുന്നില്ല, വികാരപരമായിരുന്നു: കെ.എം മാണി

കോട്ടയം: കേരള കോൺഗ്രസുകളുടെ എണ്ണമറ്റ പിളർപ്പുകൾ നയപരമായിരുന്നില്ല, മറിച്ച് വികാരപരമായിരുന്നുവെന്ന് കെഎം മാണി. വിചാരവും വിവേകവുമായിരിക്കണം ഇനിയുള്ള ദിനങ്ങളിൽ കേരള കോൺഗ്രസിനെ നയിക്കേണ്ടതെന്ന് ലയനം അം ഗീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ മാണി അഭിപ്രായപ്പെട്ടു.

20 വർഷം രണ്ടായി ഒഴുകിയ നദികൾ ലയിച്ച് ഒന്നാകുന്നതോടെ അത് മഹാനദിയായി മാറുകയാണ്. കേരളരാഷ്ട്രീയത്തിൽ ശക്തി തെളിയിച്ച രണ്ട് പാർട്ടികൾ ലയിക്കുന്നതോടെ അത് ആവേശവും പ്രതീക്ഷയുമായി വളരുന്നു. കേരള കോൺഗ്രസിന്റെ അധ്വാന വർഗസിദ്ധാന്തത്തിന് പ്രസക്തി വർധിക്കുകയാണ്. കർഷകരുടെയും കർഷക തൊഴിലാളികളുടെയും അടിച്ചമർത്തപ്പെട്ടവരുടെയും അവകാശങ്ങൾക്കുവേണ്ടി പോരാടുകയാണ് ലയനത്തിനു പിന്നിലെ ലക്ഷ്യം. പലകാലത്തും പലരുടെ പരിഹാസവും ആക്ഷേപവുംഅനുഭവിക്കേണ്ട സാഹചര്യം കേരള കോൺഗ്രസിനുണ്ടായി.ദേശീയ താത്പര്യം സംരക്ഷിക്കുന്ന ശക്തമായ പ്രാദേശിക പാർട്ടിയായി കേരള കോൺഗ്രസ് നിലകൊള്ളും- മാണി കൂട്ടിച്ചേർത്തു.

## കേരള കോൺഗ്രസ് കേരളവികസനത്തിന്: പി.ജെ. ജോസഫ്

കോട്ടയം: കേരളത്തിന്റെ സമഗ്രവികസനമാണ് കേരള കോൺഗ്രസ് ലക്ഷ്യമിടുന്നതെന്ന് പി.ജെ. ജോസഫ്. വിദ്യാഭ്യാസ രംഗത്തെ അലകും പിടിയും മാറ്റിയത് കേരള കോൺഗ്രസ് കാലങ്ങളായി നടത്തിയ ഭരണ പരിഷ്കാരങ്ങളാണ്.

പ്രിഡിഗ്രി കാലത്ത് ഒരു ല ക്ഷം കുട്ടികൾക്കായിരുന്നു ഉപരിപഠന അവസരം. പ്ലസ് ടു കൊണ്ടുവന്നതോടെ 3.5 ലക്ഷം വിദ്യാർഥികൾക്ക് ഉപരി പഠന അവസരം ലഭിച്ചു. തൊഴിലവസരങ്ങൾ വർധിച്ചു. കാർഷികരംഗത്ത് വളരെയേറെ പുരോഗതിയുണ്ടായി. കേരള കോൺഗ്രസുകൾ യോജിച്ചു നിന്നാൽ അവിശ്വ സനീയമായ നേട്ടങ്ങൾ കേരളത്തിനു കൈവരിക്കാനാകും, ലയന തീരുമാന യോഗത്തിൽ പി.ജെ. ജോസഫ് അഭിപ്രായപ്പെട്ടു.

ഇ. ജോൺ ജേക്കബിനെയും കെ.എം. ജോർജിനെയും പോലുള്ള നേതാക്കൾ കർഷകർക്കും അവരുടെ അവകാശങ്ങൾക്കും വേണ്ടി ജീവിതം ത്യജിച്ചവരാണ്. ഷർട്ട് ധരിക്കാതെ നിയമസഭയിൽ കാർഷിക പോരാട്ടം നട ത്തിയ ജോൺ ജേക്കബിനെപ്പോലുള്ള നേതാക്കളെ കേരളത്തിനു വിസ്മരിക്കാനാവില്ല- ജോസഫ് അഭിപ്രായപ്പെട്ടു.

## 1000 സംസ്ഥാനകമ്മിറ്റിയംഗങ്ങൾ; 40 ജനറൽ സെക്രട്ടറിമാർ: ലോകത്തേറ്റവും കൂടുതൽ ഭാരവാഹികൾ ഉള്ളത് കേരള കോൺഗ്രസിന്

കോട്ടയം: ലോകത്ത് ഏറ്റവും അധികം ഭാരവാഹികൾ ഉള്ള രാഷ്ട്രീയ പാർട്ടിയായി കേരളാ കോൺഗ്രസ് മാറി. ഐക്യം എ൪ാൽ സമുദ്രത്തിൽ ലയിക്കു൦ നദി എ൪ാണർത്ഥമെ൪് വ്യക്തമാക്കികൊ്ാണ് ലയന ഫോർമുല രൂപം കൊ്ത്. 1000 സംസ്ഥാന കമ്മിറ്റിയംഗങ്ങളും, 40 ജനറൽ സെക്രട്ടറിമാരുമാണ് ഇനി കേരളാ കോൺഗ്രസിന് ഉ്ാവുക. ഇത് ലോകത്ത് മറ്റൊരു രാഷ്ട്രീയ പാർട്ടിക്കും അവകാശപ്പെടാൻ കഴിയാത്ത റെക്കോഡാണ്. ലോകത്ത് ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടികളിൽ ഒ൪ായ കോൺഗ്രസിന് ആകെയുള്ളത് 750 എഐസിസി അംഗങ്ങളാണ്. കേരളത്തിൽ നി൪ു മാത്രം 35 പേരും. കേരളത്തിലെ ഏറ്റവും പ്രമുഖ പാർട്ടിയായ സി.പി.എമ്മിന്റെ സംസ്ഥാന കമ്മിറ്റിയിൽ ഉള്ളത് വെറും 84 പേരാണ്. സംസ്ഥാന കമ്മിറ്റിക്ക് തുല്യമായ കോൺഗ്രസിന്റെ കെപിസിസിയിൽ ഇപ്പോഴും 280 പേർ മത്രമാണ് ഉള്ളത്.

അംഗത്വ ബാഹുല്യം മൂലം ഓരോരുത്തരും അവരവരുടെ സ്ഥാനമാനങ്ങൾ ഓർത്ത് വയ്ക്കാൻ യോഗത്തിൽ കെ.എം മാണി ഓർമ്മിപ്പിച്ചത് വെറുതേയ്ി. സംസ്ഥാന കമ്മിറ്റി കൂടാൻ പറ്റിയ ഹാൾ കോട്ടയത്ത് ഇ്ി എ൪തും പ്രശ്നമാണെ൪് കെഎം മാണി പറയു൪ു

ഈ തമാശകൾക്കപ്പുറം സ്ഥാനനഷ്ടം സംഭവിച്ചവരുടെ മുറുമുറുപ്പ് ഉയർ൪് തുടങ്ങിയിട്ടു്. കച്ചവടത്തിൽ ജോസഫിന് വൻ നഷ്ടമാണെ൪് കണക്കുകൾ പറയു൪ു. മുങ്ങിച്ചാവാൻ തുടങ്ങിയപ്പോൾ കിട്ടിയ കച്ചിതുരുമ്പായി കരുതി മി്ാതിരിക്കാനാണ് മാണി വിഭാഗത്തിന്റെ ഉപദേശം.

ഇതുവരെ കേരള കോൺഗ്രസ് എം ചെയർമാൻ സ്ഥാനം വഹിച്ചിരു൪ മുൻമന്ത്രി കൂടിയായ സി.എഫ്. തോമസിനെ ഡെപ്യൂട്ടി ചെയർമാനായി തരംതാഴ്ത്തിയപ്പോൾ മുതിർ൪ ജനറൽ സെക്രട്ടറിമാരിൽ പലർക്കും അർഹമായ പരിഗണന കിട്ടാതെയുമായിട്ടു്.

ജനറൽ സെക്രട്ടറിമാരുടെ എണ്ണം നാൽപ്പതിന് അടുത്തെത്തിയപ്പോൾ പലരുടെയും പദവിയും ദുർബലമായി. നിലവിൽ അധികാരങ്ങളൊ൪ുമി്ാത്തവരാണ് കേരള കോൺഗ്രസിലെ ജനറൽ സെക്രട്ടറിമാർ. ജോസഫ് ഗ്രൂപ്പിലും സ്ഥിതി തൈവ. ഡോ. കെ.സി. ജോസഫ്,മുൻ മന്ത്രി മോൻസ് ജോസഫ് എ൪ിവരൊക്കെ ഐക്യ കേരള കോൺഗ്രസിൽ നേതൃസ്ഥാനത്ത് ഒതുക്കപ്പെട്ടവരായി. പുതിയ ഭാരവാഹികളുടെ പട്ടിക ഔദ്യോഗികമായി പ്രഖ്യാപിച്ചപ്പോൾ തരെ നേതാക്കളുടെ അസംതൃപ്തി പുറത്തുവ൪ു. പലരും സ്ഥാനമാനങ്ങൾ സംബന്ധിച്ച് പരസ്യപ്രഖ്യാപനം നടത്തു൪ി്െങ്കിലും ഔപചാരിക ലയനം നട൪ തിങ്കളാഴ്ച തരെ ഇതുസംബന്ധിച്ച് ഭി൪തയാണ് പുറത്തുവരു൪ത്.

ജോസഫ് മാണി ലയനത്തിൽ ഏറെ നഷ്ടം ജോസഫ് ഗ്രൂപ്പിന് തന്നെയാണ്. സീനിയർ നേതാക്കളായ പലരും അർഹമായ പ്രാതിനിധ്യം ലഭിക്കാത്തതിൽ ദുഃഖിതരാണ്.ഇക്കാര്യം പാർട്ടി ചെയർമാനായ പി.ജെ. ജോസഫിനെ തിങ്കളാഴ്ച തന്നെ പലരും ധരിപ്പിക്കുകയും ചെയ്തു. ഈപ്പൻ വർഗീസിനെയും ഡോ. കെ.സി. ജോസഫിനെയും വൈസ് ചെയർമാനാക്കണമെന്നായിരുന്നു പി.ജെ. ജോസഫിന്റെ ആവശ്യം. എന്നാൽ, പി.സി. ജോർജിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് ഈ ആവശ്യം തള്ളപ്പെട്ടു. പി.സി. ജോർജാണ് ഏക വൈസ് ചെയർമാൻ. ജോസഫ് ഗ്രൂപ്പിൽ മുതിർന്ന സ്ഥാനം വഹിച്ചിരുന്ന പലരും ജനറൽ സെക്രട്ടറിമാരായി മാറുകയും ചെയ്തു.

തിങ്കളാഴ്ച ഔപചാരികമായി ലയനം പൂർത്തിയായെങ്കിലും സ്ഥാനമാനങ്ങളെ ച്ചൊല്ലിയുള്ള തർക്കം ഇനിയും പരിഹരിക്കപ്പെടാനിരിക്കുന്നതേയുള്ളൂ. 27ന് ഔദ്യോഗിക ലയന പ്രഖ്യാപനത്തിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനം വേണമെന്ന് പലരും ആവശ്യപ്പെട്ടുകഴിഞ്ഞു. ജില്ലാ പ്രസിഡന്റ് സ്ഥാനം പങ്കുവെക്കുന്നത് സംബന്ധിച്ചും ഇരു പാർട്ടിയിലും തർക്കം നിലനിൽക്കുകയാണ്.

എറണാകുളം, തൃശൂർ, പാലക്കാട്, ഇടുക്കി ജില്ലാ പ്രസിഡന്റ് സ്ഥാനമാണ് ജോസഫ് ഗ്രൂപ്പിന് നൽകുന്നത്. ഈ നാല് പ്രസിഡന്റുമാരെയും തിങ്കളാഴ്ച സംസ്ഥാന ജനറൽ സെക്രട്ടറിമാരാക്കി മാറ്റി.ഇക്കാര്യം കെ.എം. മാണി ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോൾ തന്നെ നേതൃനിരയിൽ മുറുമുറുപ്പ് ശക്തമായിരുന്നു. അഞ്ച് ജില്ലാ പ്രസിഡന്റ് സ്ഥാനമാണ് ജോസഫ് ഗ്രൂപ്പ് ഇപ്പോഴും ആവശ്യപ്പെടുന്നത്. കാസർകോട്, വയനാട് പ്രസിഡന്റ് സ്ഥാനങ്ങളിൽ ഏതെങ്കിലും ഒന്നുകൂടി നൽകുന്ന കാര്യവും മാണി ഗ്രൂപ്പിന്റെ പരിഗണനയിലാണ്.യു.ഡി.എഫ് യോഗത്തിൽ ആരൊക്കെ പങ്കെടുക്കണമെന്നത് സംബന്ധിച്ച തർക്കവും ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല.

ജോസഫ് ഗ്രൂപ്പിൽനിന്ന് മുൻ എം.പി ഫ്രാൻസിസ് ജോർജ്, കെ.സി. ജോസഫ് എന്നിവരെ പങ്കെടുപ്പിക്കണമെന്നാണ് ജോസഫ് മുന്നോട്ടുവെച്ച നിർദേശം. ഇക്കാര്യത്തിലും തീരുമാനമായില്ല. കെ.സി. ജോസഫിനെ പങ്കെടുപ്പിക്കുന്നതിനോടാണ് കെ.എം. മാണിക്ക് താൽപ്പര്യം. മാണി ഗ്രൂപ്പിൽനിന്ന് കെ.എം. മാണി, സി.എഫ്. തോമസ്, ജോയി എബ്രഹാം, പി.സി. ജോർജ് എന്നിവരാകും പങ്കെടുക്കുക. എന്നാൽ, പരമാവധി നാലുപേരിൽ കൂടുതൽ ഈ സ്ഥാനത്തേക്ക് വേണ്ടെന്ന അഭിപ്രായവും നേതൃനിരയിലുണ്ട്.ഇതോടെ ആരെ ഒഴിവാക്കണമെന്നതും വരും ദിവസങ്ങളിൽ പാർട്ടിയിൽ കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുമെന്നാണ് സൂചന.

മെമ്പർഷിപ്പ് വിതരണത്തിന് ശേഷം പാർട്ടിയിൽ പുനഃസംഘടന മതിയെന്നാണ് ഇപ്പോഴത്തെ തീരുമാനം.അങ്ങനെവന്നാൽ,ഇവിടെയും ജോസഫ് വിഭാഗം വീണ്ടും ഒതുക്കപ്പെടുമെന്നും പാർട്ടിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പി.സി. തോമസ് നൽകിയ പരാതിയെത്തുടർന്ന് തെരഞ്ഞെടുപ്പ് കമീഷൻ തീരുമാനം

വരുർതുവരെ മാണി ഗ്രൂപ്പെർ പേരും ഇവരുടെ ചിഹ്നമായ രിലയും സ്വീകരിക്കാനും തീരുമാനിച്ചതും ജോസഫ് ഗ്രൂപ്പിന് കനത്ത തിരിച്ചടിയാണ്.